work to a suitable officer. Ordinarily departmental vehicles are used. Private cars of the officers or hired cars are used when departmental vehicles are not avilable.

(c) Yes.

(d) Cars owned by bus owners are not generally used. Whenever they are used hire charges at the prescribed rates are paid.

കണ്ടറ അലൂമിനിയം ഫാക്റ്ററി.

* 896. [69] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

കണ്ടറ അലൂമിനിയം ഫാക്റ്ററിയിൽ ഗവണ്മെൻറിന് ഷെയറുണ്ടോ ; ഉണ്ടെങ്കിൽ എത്രശതമാനം; ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

കണ്ടറ അലൂമിനിയം ഇൻഡസ്ട്രീസിൽ 10% ഷെയറുകൾ ഉണ്ട്.

F. A. C. T. യിൽനിന്നുമുള്ള മലിനജലം.

* 897. [72] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. ടി. യിലെ വളംനിർമ്മാണം കഴിഞ്ഞു പുറത്തെയ്ക്ക് വിടുന്ന വെള്ളം എവിടെയാണ് കളയുന്നത് ;

(ബി) ഈ വെള്ളം കളയുന്നതിനു ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ക്രമീകരണം പൊതുജനാരോഗ്യത്തിനു ഹാനികരമാണെന്ന ആക്ഷേപം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആക്ഷേപം പരിഹരിക്കുന്നതിനു എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ബാർജിസിൽ നിറച്ചു കടലിൽ കൊണ്ടുപോയി ഒഴിക്കുന്നു.

(ബി) മുൻപു് ചില അവസരങ്ങളിൽ വർഷകാലത്തു് ഈ മലിനജലം പെരിയാറിൽ ഒഴിച്ചിരുന്നു. ഈ മാർഗ്ഗം പൊതുജനാരോഗ്യത്തിനു ഹാനികരമാണെന്ന പരാതി കിട്ടിയിട്ടുണ്ടു്.

(സി) ഫാക്റ്ററിയിൽനിന്നും നിർഗമിക്കുന്ന മലിനജലം ഒരിടത്തും ആറ്റിലേയ്ക്ക് വിടരുതെന്നു കമ്പനിപ്രവർത്തകർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്.

സോഷ്യലിസ്റ്റ് സമൂഹക്രമം.

* 898. [74] ശ്രീ. പി നാരായണൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കഴിഞ്ഞ വാർഷിക സമ്മേളനത്തിൽ തങ്ങളുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ഗവണ്മെൻറ് ഇതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly